**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 643** **09-06-2021 - ൽ മറുപടിയ്ക്ക്**

**കടലാക്രമണം ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടലാക്രമണം ചെറുക്കുന്നതിനായി സംരക്ഷണഭിത്തികൾ അടിയന്തിരമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (എ) | 2021 ലെ മൺസൂൺ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിൽ നിന്നും 9 തീരദേശ ജില്ലകളിലേയും രൂക്ഷമായ കടലാക്രമണം നേരിടുവാൻ വേണ്ട ക്രമീകരണം നടത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 2711-103-02-99-00-00 എന്ന ശീർഷകത്തിൽ സംസ്ഥാനമൊട്ടുക്കുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 6.582 കോടി രൂപയും 4711-103-02-99-00-00 എന്ന ശീർഷകത്തിൽ 2.40 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്കായി 20 ലക്ഷം രൂപ വീതം നോൺ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുകയുണ്ടായി. ഇതിനുപുറമേ ചെല്ലാനത്തെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തികൾക്കായി 30 ലക്ഷം രൂപയും തിരുവനന്തപുരത്തെ വലിയതുറയിലെ അടിയന്തര പ്രവർത്തികൾക്കായി 42 ലക്ഷം രൂപയും ടി നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തികൾക്കായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം കാസർഗോഡ് എന്നീ ജില്ലകൾക്ക് 1 കോടി രൂപ വീതവും രൂക്ഷമായി കടലാക്രമണം നേരിടുന്ന ചെല്ലാനം പ്രദേശം ഉൾപ്പെടുന്ന എറണാകുളം ജില്ലയ്ക്ക് 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് ചാക്കിൽ മണ്ണ് നിറച്ചും, ആവശ്യമായ സ്ഥലങ്ങളിൽ കല്ല് ഉപയോഗിച്ചുമുള്ള താൽക്കാലിക കടൽഭിത്തി നിർമ്മാണവും വഴി വിവിധ തീരദേശ ജില്ലകളിലെ കടൽത്തീരം അടിയന്തരമായി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തികൾ ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | നടത്തി വരുന്നു. എല്ലാ വർഷവും ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണത്തെ നേരിടുവാൻ ഒരു ശാശ്വത പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ കേരളത്തിൽ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ തീരപ്രദേശങ്ങളിൽ ഇന്നത്തെ പരിസ്ഥിതിക്കു അനുയോജ്യമായ തരത്തിലുള്ള നിർമ്മാണപ്രവർത്തികൾക്കായി സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ. സി. സി .ആർ) എന്ന ഏജൻസി മുഖേന വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് സാഹചര്യത്തിന് അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ